ഉത്തരം

(എ) 2014 സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം പതിനയ്യായിരം രൂപയുടെ മുകളിൽ പെൻഷൻ വാങ്ങുന്ന 8643 പെൻഷൻകാർ കെ.എസ്.ആർ.ടി. സി.-യിലുണ്ട്.

(ബി) ജീവനക്കാരുടെ സേവന-വേതന കരാറിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ പരിഷ്കരണം നടത്തുന്നത്. 2016-ലാണ് നിലവിലുള്ള കരാറിന്റെ കാലാവധി അവസാനിക്കുന്നത്. നിലവിൽ പെൻഷൻ പുനർ നിർണ്ണയിക്കുന്ന വിഷയം പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി

336 (3970) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ജൂനിയർ അസിസ്റ്റന്റ് ഒഴിവുകളിൽ മറ്റ് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടി ക്രമവിരുദ്ധമായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർ ഇത്തരത്തിൽ ജോലി ചെയ്യുമ്പോൾ അവരുടെ നേച്ചർ ഓഫ് വർക്ക് മാറുന്നതുമൂലം ക്വാളിഫയിംഗ് സർവ്വീസിൽ ഇത്തരം സർവ്വീസ് കൂട്ടാൻ കഴിയില്ല എന്ന ചട്ടം കെ.എസ്.ആർ.ടി.സി. -യിൽ പാലിക്കാറുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇത്തരത്തിൽ നൽകുന്ന അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ 6 മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കാൻ പാടില്ല എന്ന് കെ.എസ്.ആർ.ടി. 2001-ൽ പുറപ്പെടുവിച്ച ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത ഉത്തരവ് പിൻവലിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശവും ഉത്തരവ് പിൻവലിക്കാനുണ്ടായ സാഹചര്യവും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2001-2003 കാലഘട്ടത്തിൽ ആശ്രിത നിയമനം മുഖേന കണ്ടക്ടർ തസ്തികയിൽ നിയമനം ലഭിച്ച വനിതാ ജീവനക്കാർക്ക് 1-2-2012-ലെ PL 15/029031/11 ഉത്തരവ് പ്രകാരം ലൈറ്റ് ഡ്യൂട്ടി/അദർ ഡ്യൂട്ടിയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഡ്യൂട്ടി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പാലിക്കാറുണ്ട്. ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കുമ്പോൾ അവരവരുടെ ചാനലിൽ ഡ്യൂട്ടി ചെയ്യാൻ നിർദ്ദേശിക്കാറുണ്ട്. എന്നാൽ ചില ജീവനക്കാർക്ക് താഴ്ന്ന തസ്തികയിൽ ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. (പ്യൂൺ, പമ്പ് ഓപ്പറേറ്റർ, സ്റ്റോർ ഇഷ്യൂർ) ഇവരുടെ ലൈറ്റ് ഡ്യൂട്ടി കാലാവധി ഗ്രേഡ് പ്രൊമോഷന് പരിഗണിക്കാറില്ല.

(ഡി&ഇ) അദർ ഡ്യൂട്ടി/ലൈറ്റ് ഡ്യൂട്ടികൾ ആറ് മാസം കഴിഞ്ഞാൽ സർവ്വീസായി പരിഗണിക്കുവാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി.യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

337 (3971) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകണമെന്ന് ബോർഡ് തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ തീരുമാനത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) മുൻ തീരുമാനത്തിനു വിരുദ്ധമായി എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഡസ്ട്രിയൽ റിലേഷൻ മാനേജർ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.